No. CEE/1133/5LLB-2021/TA3

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# വിജ്ഞാപനം

## ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽ.എൽ.ബി കോഴ്സിലേയ്ക്കുള്ള പ്രവേശനം 2021 ഉച്ചയ്ക്കുശേഷം ഓൺലൈൻ പരീക്ഷ അഭിമുഖീകരിക്കുന്ന വിദ്യാർത്ഥികൾക്കുള്ള മാർഗനിർദ്ദേശങ്ങൾ

- 11.08.2021 ന് നടക്കുന്ന പഞ്ചവത്സര പരീക്ഷയുടെ ഉച്ചയ്ക്കുശേഷമുള്ള ഓൺലൈൻ പരീക്ഷ അഭിമുഖീകരിക്കുന്ന വിദ്യാർത്ഥികൾ നിർദ്ദിഷ്ട സമയത്ത് തന്നെ റിപ്പോർട്ട് ചെയ്യേണ്ടതാണ്. വൈകിയെത്തുന്ന വിദ്യാർത്ഥികളെ ഒരു കാരണ വശാലും പരീക്ഷ എഴുതാൻ അനുവദിക്കുന്നതല്ല.
- കോവിഡ് 19 ന്റെ വ്യാപനം തടയുന്നതിന് സർക്കാർ പുറപ്പെടുവിച്ച എല്ലാ മാനദ ണ്ഡങ്ങളും സുരക്ഷാ ക്രമീകരണങ്ങളും പ്രവേശന പരീക്ഷാ നടത്തിപ്പിലും ബാധകമായിരിക്കും. പരീക്ഷയ്ക്കെത്തുന്ന എല്ലാ വിദ്യാർത്ഥികളും സർക്കാർ, ആരോഗ്യ വകുപ്പ് പുറത്തിറക്കിയ സുരക്ഷാ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേ ണ്ടതാണ്.
- വിദ്യാർത്ഥികൾ അവരുടെ ബാഗും മറ്റ് വസ്തുക്കളും കൂട്ടിയടാതെ അധികൃതർ നിർദ്ദേശിച്ചിരിക്കുന്ന സ്ഥലത്ത് സാമൂഹിക അകലം പാലിച്ച് സൂക്ഷിക്കേണ്ടതാണ്.
- ഇലക്ട്രോണിക് ഉപകരണങ്ങളായ സ്മാർട്ട് ഫോൺ, സ്മാർട്ട് വാച്ച്, കാൽക്കുലേറ്റർ എന്നിവ പരീക്ഷാ ഹാളിൽ കൈവശം ഉണ്ടാകാൻ പാടുള്ളതല്ല. എന്നാൽ സാധാ രണ വാച്ചുകൾ ഉപയോഗിക്കാവുന്നതാണ്.
- പരീക്ഷ സംബന്ധിച്ച മാർഗനിർദ്ദേശങ്ങൾ പാലിക്കാതെ ഏതെങ്കിലും തരത്തിലുള്ള ക്രമക്കേടുകൾ വരുത്തുന്ന വിദ്യാർത്ഥികളെ കർശനമായും പരീക്ഷ എഴുതുന്നതിൽ നിന്നും വിലക്കുന്നതാണ്.
- റിപ്പോർട്ടിംഗ് സമയം മുതൽ പരീക്ഷാ ഹാളിലേക്ക് പോകുന്ന സമയം വരെ പ്രത്യേകം സജ്ജമാക്കിയിട്ടുള്ള വിശ്രമ മുറികളിൽ ഉച്ചയ്ക്കുശേഷമുള്ള പരീക്ഷയ്ക്കുള്ള വിദ്യാർത്ഥികൾ ഇരിക്കണം.
- പരീക്ഷാ സമയത്ത് വിദ്യാർത്ഥികൾ പരീക്ഷാ ഹാളിലോ പുറത്തോ യാതൊരു വിധത്തിലുള്ള ആശയവിനിമയവും നടത്താൻ പാടുള്ളതല്ല.

ഹെൽപ്പ് ലൈൻ നമ്പർ: 0471–2525300

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
07.08.2021